(സി) പ്രസ്തുത പദ്ധതിയുടെ ഡി.പി. ആർ എന്നാണ് പൂർത്തിയാക്കിയത് ;

(ഡി) എസ്. എൽ. എസ്. സി-യിൽ പ്രസ്തുത പദ്ധതി പരിഗണിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ എന്തുകൊണ്ട് ;

(ഇ) ഒരു കുടിവെള്ള പദ്ധതിയും ഇല്ലാത്തതും ശബരിമല തീർത്ഥാടക ഇടത്താവളങ്ങളിൽ വെള്ളമെത്തിക്കാൻ കഴിയുന്നതും, ഭാവിയിൽ നിലയ്ക്കലിൽ കുടിവെള്ളമെത്തിക്കാനും കഴിയുന്ന സീതത്തോട് പദ്ധതിക്ക് അടുത്ത എസ്. എൽ. എസ്. സി-യിൽ ഒന്നാം ഘട്ടത്തിനെങ്കിലും ഫണ്ട് അനുവദിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) സീതത്തോട് പഞ്ചായത്തിൽ വാട്ടർ അതോറിറ്റിയുടെ പദ്ധതികൾ ഒന്നും തന്നെയില്ല.

(ബി) റിറ്റാർ-സീതത്തോട് പദ്ധതിയുടെ ഇൻവെസ്റ്റിഗേഷനുമായി ബന്ധപ്പെട്ട സർവ്വെ നടപടികൾ 15-10-1996-ൽ തുടങ്ങുകയും 5-2-2002 - ൽ പൂർത്തിയാക്കുകയും ചെയ്തു.

(സി) 6-11-2009-ൽ എ.ആർ.പി.പി.റ്റേണിറുള്ള ഡി.പി.ആർ.തയ്യാറാക്കി 15-3-2010-ൽ 70 എൽ.പി.സി.ഡി. നിരക്കിറുള്ള ഡി.പി.ആർ. തയ്യാറാക്കി.

(സി) പുതിയ പദ്ധതികൾക്കൊന്നും തന്നെ കമ്മിറ്റി അംഗീകാരം നൽകിയിട്ടില്ലാത്തതിനാലാണ് റിറ്റാർ -സീതത്തോട് പദ്ധതിക്ക് അംഗീകാരം നൽകാത്തത്.

(ഇ) 5-6-2010-ൽ കൂടിയ സ്റ്റേറ്റ് ലെവൽ സ്കീം സാങ്ഷനിംഗ് കമ്മിറ്റി ദേശീയ ഗ്രാമീണ കുടിവെള്ള പദ്ധതിയുടെ പുതുക്കിയ മാർഗ്ഗനിർദ്ദേശ പ്രകാരം കുടിവെള്ള ഗുണനിലവാര പ്രശ്നങ്ങളുള്ള പ്രദേശങ്ങളിൽ കുടിവെള്ളമെത്തിക്കാനുള്ള പദ്ധതികൾക്ക് മുൻതൂക്കം നൽകി പുതിയ പദ്ധതികൾ സമർപ്പിക്കാനാണ് നിർദ്ദേശിച്ചിട്ടുള്ളത്.

പന്തളം-മങ്ങാരം കുടിവെള്ള പദ്ധതി

121 (6280) ശ്രീ. കെ. കെ. ഷാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ?

(എ) പന്തളം മങ്ങാരം കുടിവെള്ള പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ നിലച്ചിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ ആയത് പരിഹരിക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ;

(ബി) ടാങ്കും അനുബന്ധ സംവിധാനങ്ങളും ശരിയായിരിക്കുമ്പോൾ രണ്ടാം ഘട്ടത്തിൽ ഇതിന്റെ നിർമ്മാണം നിർത്തിവയ്ക്കുവാനുള്ള സാഹചര്യം എന്തെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) റീ ടെണ്ടർ വന്നാൽ ചെലവേറുകയും വലിയ കാലതാമസം ഉണ്ടാകുകയും ചെയ്യുമെന്നതിനാൽ ടെണ്ടർ എക്സ് നൽകുന്നത് സംബന്ധിച്ച് നിലവിലുള്ള കോൺട്രാക്ടറുമായി ധാരണയിൽ എത്തുന്നതിന് നടപടി സ്വീകരിക്കുമോ ;.

(ഡി) പന്തളം-മങ്ങാരം കുടിവെള്ള പദ്ധതിയുടെ ബാക്കി ജോലികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ;

(ഇ) പ്രസ്തുത പദ്ധതി ഒരു തരത്തിലും തടസ്സപ്പെടാതിരിക്കാൻ പ്രത്യേക മോണിറ്ററിംഗ് സംവിധാനം ഏർപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ;

(എഫ്) പ്രസ്തുത പദ്ധതിയുടെ നാളിതുവരെയുള്ള നിർമ്മാണ പ്രവർത്തനങ്ങളുടെ വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ) പന്തളം ശുദ്ധജല വിതരണ പദ്ധതിയുടെ പ്രധാന ഘടകങ്ങളായ കിണർ, ശുദ്ധീകരണശാല, ജലസംഭരണികൾ, വിതരണശൃംഖല എന്നിവയുടെ പണി 90% പൂർത്തീകരിച്ചു. പമ്പിംഗ് മെയിനുകളും വിതരണ ശൃംഖലയും ഉൾപ്പെട്ട പാക്കേജ് II- ന്റെ ടെണ്ടറിന്മേലുള്ള തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) പാക്കേജ് II- ന്റെ ടെണ്ടറിന്മേലുള്ള തുടർനടപടി സ്വീകരിച്ചുവരുന്നു. ഇതിന് അനുമതി നൽകുന്ന മുറയ്ക്ക് പണി ആരംഭിക്കുന്നതാണ്.

(സി) ഈ പദ്ധതിയെ സംബന്ധിച്ച് 15-7-2010-ൽ ബഹു:മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ഒരു മീറ്റിംഗ് നടന്നതിന്റെ അടിസ്ഥാനത്തിൽ കരാറുകാരനിൽ നിന്ന് കുറഞ്ഞ റേറ്റ് ലഭ്യമാക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. പുതുക്കിയ റേറ്റ് എംപവേർഡ് കമ്മിറ്റിയുടെ അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് മാത്രമേ വർക്ക് ഓർഡർ നൽകാൻ സാധ്യമാകൂ.

(ഡി) പാക്കേജ് II- ൽ ഉൾപ്പെട്ട പ്രവൃത്തികളുടെ ടെണ്ടർ അനുമതി ലഭിച്ചാലുടൻ പണികൾ ആരംഭിച്ച് പദ്ധതി പൂർത്തീകരിക്കുന്നതാണ്.

(ഇ) എല്ലാ പദ്ധതികളും സമയബന്ധിതമായി അവലോകനം ചെയ്യാറുണ്ട്.

(എഫ്) പാക്കേജ് I- ൽ ഉൾപ്പെട്ട മങ്ങാരത്തുള്ള ജല ശുദ്ധീകരണശാലയുടെയും, 12.50 ലക്ഷം ലിറ്റർ കപ്പാസിറ്റിയുള്ള ഉപരിതല ടാങ്കിന്റെയും പണി 90% പൂർത്തിയായി. പാക്കേജ് 3- ൽ ഉൾപ്പെട്ട മങ്ങാരം ഉപരിതല ടാങ്കിൽ നിന്നും സോൺ1-ൽപ്പെട്ട വിതരണശൃംഖലയുടെ പണി 95% പൂർത്തീകരിച്ചു. പാക്കേജ് 4- ൽ ഉൾപ്പെട്ട കിണറിന്റേയും പമ്പ്ഹൗസിന്റേയും പണി 95% പൂർത്തീകരിച്ചു. ചേരിക്കൽ ഉപരിതല ടാങ്കും, കൂരമ്പാലയിലുള്ള സമ്പും പമ്പ്ഹൗസും പൂർത്തീകരിച്ചു. ആതിരമലയിലുള്ള ഭൂതല സംഭരണിയുടെ പണി പൂർത്തീകരിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

സോൺ 2-ലും സോൺ 3-ലും ഉൾപ്പെട്ട വിതരണ ശൃംഖലയുടെ പണി 95% പൂർത്തീകരിച്ചു. പദ്ധതിക്കാവശ്യമായ പമ്പ് സെറ്റുകൾ സപ്ലൈ ചെയ്തു. ഇലക്ട്രിക്കൽ സബ്സ്റ്റേഷന്റേയും ട്രാൻസ്ഫോർമർ മുറിയുടേയും ടെണ്ടർ നടപടികൾ ആരംഭിച്ചിട്ടുണ്ട്.

കിണറുകളിലെ ജലം ശുദ്ധമായി സംരക്ഷിക്കുന്നതിന് നടപടി

122 (6281) ശ്രീ. എ. എം. യൂസഫ് : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കിണറുകളിലെ ജലം ശുദ്ധമായി സൂക്ഷിക്കുന്നതിന് ജനങ്ങളെ പ്രാപ്തരാക്കുന്നതിനുള്ള പദ്ധതിക്ക് രൂപം നൽകുമോ ?

ഉത്തരം

ജലനിധി ഒന്നാംഘട്ടത്തിന്റെ ഭാഗമായി നിർമ്മിച്ച ജലസ്രോതസ്സുകൾ സംരക്ഷിക്കുന്നതിനും ജലം ശുദ്ധമായി സംരക്ഷിക്കുന്നതിനും ഗുണഭോക്താക്കൾക്ക് പരിശീലനം നൽകാറുണ്ട്. കൂടാതെ IEC യുടെ ഭാഗമായി ജലശുദ്ധിയെ സംബന്ധിക്കുന്ന കൈപ്പുസ്തകം തയ്യാറാക്കി വിതരണം ചെയ്തിട്ടുണ്ട്.

ഡാനിഡ പദ്ധതി പ്രകാരം സ്ഥാപിച്ച കുടിവെള്ള പദ്ധതി

123 (6282) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ?

(എ) മലപ്പുറം ജില്ലയിലെ കൊണ്ടോട്ടി നെടിയിരുപ്പ് പഞ്ചായത്തിലെ ഡാനിഡ പദ്ധതി പ്രകാരം സ്ഥാപിച്ച കുടിവെള്ള പദ്ധതിയിൽ ആവശ്യത്തിന് ജലം ലഭിക്കുന്നുണ്ടോ ;

(ബി) ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ;

(സി) പ്രസ്തുത പഞ്ചായത്തുകളിലേക്ക് കുടിവെള്ളം എത്തിക്കുന്നതിന് മലപ്പുറം പി. എച്ച്. ഡിവിഷൻ തയ്യാറാക്കിയ പ്രൊപ്പോസൽ ഇപ്പോൾ ഏത് ഘട്ടത്തിലാണ് ; വ്യക്തമാക്കുമോ ?

ഉത്തരം

(എ & ബി) ആവശ്യത്തിന് ജലം ലഭിക്കുന്നില്ല. പ്രസ്തുത പദ്ധതി വിഭാവനം ചെയ്തത് കുഴൽ കിണറുകളെ ആശ്രയിച്ചായിരുന്നു. കുഴൽ കിണറുകളിൽനിന്നും പദ്ധതിക്ക് വിഭാവനം ചെയ്തതുപോലെ വെള്ളം ലഭിക്കാത്തതിനാൽ ഡാനിഡ പദ്ധതി പ്രകാരം സ്ഥാപിച്ച കുടിവെള്ള പദ്ധതി വിഷമഘട്ടത്തിലാണ്.

(സി) മലപ്പുറം പി.എച്ച്. ഡിവിഷൻ നിലവിൽ കൊണ്ടോട്ടി, നെടിയിരുപ്പ് പഞ്ചായത്തുകളിൽക്കൂടി വെള്ളമെത്തിക്കുന്നതിന് പ്രൊപ്പോസലുകളൊന്നും തയ്യാറാക്കിയിട്ടില്ല. എന്നാൽ കൊണ്ടോട്ടി, നെടിയിരുപ്പ് പഞ്ചായത്തുകളിൽ പൊതുവായി കുടിവെള്ള പ്രശ്നം പരിഹരിക്കുന്നതിനുവേണ്ടി 2010-11 ബഡ്ജറ്റിലെ മാന്ദ്യവിരുദ്ധ പാക്കേജിൽ ആകെ 5 പദ്ധതികൾക്കുവേണ്ടി 20.00 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly